# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പൊലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 101**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ പ്രിയരെ,

ഭാരതത്തിന്റെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലൊന്നായ മണിപ്പൂരിൽ 2023 മേയ് 3 ന് ആരംഭിച്ച കലാപം ഇപ്പോഴും തുടരുന്നു എന്നത് വേദനാജനകമാണ്. ഇതിനോടകം നൂറുകണക്കിനാളുകൾ കൊല്ലപ്പെട്ടു. അനേകർ മുറിവേറ്റവരും ഭവനരഹിതരുമായി. കെട്ടിടങ്ങൾ തകർക്കപ്പെടുകയും പള്ളികൾ, ആശുപത്രികൾ, സ്ക്കൂളുകൾ എന്നിവ അഗ്നിക്കിരയാക്കപ്പെടുകയും ചെയ്തു. സ്ത്രീത്വം അപമാനത്തിനും പീഢനത്തിനും ഇരയായി. പിറന്നമണ്ണിൽ പതിനായിരങ്ങൾ നിലനില്പിനായി നിലവിളിക്കുന്ന കാഴ്ച ഹൃദയഭേദകമാണ്. പെരുവഴിയിലും മഴയത്തും ആരാധിക്കുന്ന ക്രൈസ്തവ കൂട്ടായ്മകളുടെ ദൃശ്യം അസ്വസ്ഥതാജനകമാണ്.

മനുഷ്യനെ മനുഷ്യനായി കാണുന്ന, ജീവനെ വിലമതിക്കുന്ന ഒരു സംസ്ക്കാരമാണ് നമുക്കാവശ്യം. മണപ്പൂരിൽ നടക്കുന്നത് സമാനതകളില്ലാത്ത പീഡനവും, മനുഷ്യാവകാശ ലംഘനവുമാണ്. ഇരകൾക്ക് സംരക്ഷണം ഉറപ്പാക്കി, പൗരന്റെ മൗലിക ആവകാശത്തെ സർക്കാർ ബഹുമാനിക്കണം. നിസംഗതയും അലക്ഷ്യവും വെടിഞ്ഞ് പരസ്പര വിശ്വാസവും സഹവർത്തിത്തവും ദേശത്ത് ഉറപ്പാക്കണം. മണിപ്പൂരിലെ മനുഷ്യാവകാശ ധ്വംസനങ്ങൾ അവസാനിപ്പിക്കാനായി നീതിന്യായ വ്യവസ്ഥകളും, കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങളും, മത – രാഷ്ട്രീയ നേതൃത്വങ്ങളും കൂട്ടായി ചിന്തിച്ചേ മതിയാകൂ.

മണിപ്പൂരിലെ സ്ഥിതിഗതികളിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. വേദനയിലൂടെയും ദുഃഖത്തിലൂടെയും കടന്നുപോകുന്ന മണിപ്പൂരിലെ ജനതയെ ഓർത്ത് പ്രാർത്ഥിക്കാം. 2023 ജൂലൈ മാസം 30–ാം തീയതി മണിപ്പൂർ ഐക്യ പ്രാർത്ഥനയ്ക്കായി സഭയായി വേർതിരിക്കുന്നു. അന്നേദിവസം നമ്മുടെ എല്ലാ ഇടവകകളിലും ആരാധനയോട് ചേർന്ന് മണിപ്പൂരിന് വേണ്ടി പ്രത്യേക പ്രാർത്ഥനകൾ ക്രമീകരിക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മാർത്തോമ്മാ സഭയും, നമ്മുടെ ഡൽഹി ഭദ്രാസനവും ഇതിനോടകം എൻ. സി. സി. ഐ. യിലൂടെ പങ്ക് ചേർന്നു. ഇനിയും മണിപ്പൂർ ജനതയുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ സഭയായി പങ്കു ചേരേണ്ടത് അടിയന്തിര ആവശ്യമാണ്. കുട്ടികളുടെ വിദ്യാഭ്യാസം, ഭവനങ്ങൾ, ആരാധനാലയങ്ങൾ, വൈദിക സെമിനാരികൾ എന്നിവയുടെ പുനർ നിർമ്മാണം എന്നിത്യാദി പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനാഗ്രഹിക്കുന്നു. ഇടവകകളിൽ നിന്നും പ്രത്യേക സ്തോത്രകാഴ്ചകളോ സംഭാവനകളോ സ്വീകരിച്ച് 2023 ആഗസ്റ്റ് 30–ാം തീയതിയ്ക്കകം സഭാ ആഫീസിൽ അടയ്ക്കണം. (Malankara Mar Thoma Syrian Church, A/c No. 10290100102768, Federal Bank, Thiruvalla Branch, IFSC Code: FDRL0001029 (Or) Sabha Secretary, Mar Thoma Syrian Church, A/c No. 0079053000000820, South Indian Bank, Thiruvalla Branch, IFSC Code: SIBL0000079). മനോഹരമായ മണിപ്പൂരിൽ സമാധാനവും ഐക്യവും തുടർന്നും നിലനിൽക്കുവാൻ നമുക്ക് സഭയായി പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2023 ജൂലൈ മാസം 22–ാം തീയതി

Theodosius - Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No: 101**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

It is painful that the riots that started on 3rd May, 2023 in Manipur, one of the north-eastern states of India, are still going on. Hundreds have already lost their lives. Many are injured and rendered homeless. Buildings were destroyed and churches, hospitals, and schools were set on fire. Women became victims of humiliation and persecution. The sight of tens of thousands crying out for survival in their homeland is heartbreaking. It is disturbing to see Christian congregations worshiping on the side of the road and in the rain.

We need a culture that sees human beings as human beings and values life. What is happening in Manipur is an unparalleled torture and violation of human rights. The government should respect the fundamental rights of the citizens by ensuring protection to the victims. Mutual trust and co-existence should be ensured by getting rid of indifference and intolerance. The judiciary systems, central and state governments, and religious and political leaders need to think collectively to end the human rights abuses in Manipur.

We express our deep sorrow about the situation in Manipur. Let us pray for the people of Manipur who are going through pain and sorrow. As a Church, we have set apart 30th July 2023 as a day for united prayer for Manipur. Special prayers should be arranged for Manipur during worship in all our parishes on that day. The Mar Thoma Church and the Delhi Diocese have already been involved in relief work through the N.C.C.I. There is an urgent need to participate as a Church in the rehabilitation activities of the people of Manipur, focusing on activities such as children's education, reconstruction of homes, places of worship, theological seminaries, etc. Special offertories or donations from parishes should be received and remitted to the Sabha Office by 30th August, 2023. (Malankara Mar Thoma Syrian Church, A/c No. 10290100102768, Federal Bank, Thiruvalla Branch, IFSC Code: FDRL0001029 (Or) Sabha Secretary, Mar Thoma Syrian Church, A/c No. 0079053000000820, South Indian Bank, Thiruvalla Branch, IFSC Code: SIBL0000079). Let us pray and work together as a Church for the growth of peace and unity in the beautiful land of Manipur.

Grace be with you all.

Dated 22nd July 2023 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**